"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില), തൃശ്ശൂർ - ജനകീയാസൂത്രണത്തിന്റെ 25 വർഷത്തെ അധികാര വികേന്ദ്രീകൃതാസൂത്രണ അനുഭവങ്ങൾ അവതരിപ്പിക്കുന്നതിനായുള്ള "സംഗമം" സംഘടിപ്പിക്കുന്നതിലേക്ക് പ്രത്യേക ധനസഹായമായി കിലയ്ക്ക് ഒരു കോടി രൂപ റിലീസ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.773/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/03/2021

പരാമർശം:- 1 23.12.2020-ലെ സ.ഉ. (സാധാ) നം.2404/2020/തസ്വഭവ ഉത്തരവ്.

2 കില ഡയറക്ടർ ജനറലിന്റെ 23.02.2021-ലെ Kila/2018/101/5914/HQ/Asst.F2 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) പ്രകാരം, ജനകീയാസൂത്രണത്തിന്റെ 25 വർഷത്തെ അധികാര വികേന്ദ്രീകൃതാസൂത്രണ അനുഭവങ്ങൾ അവതരിപ്പിക്കുന്നതിനായുള്ള വിപുലമായ ഒരു "സംഗമം" സംഘടിപ്പിക്കുന്നതിന് 2515-003-99-00-36-00-Grant In Aid-Non Salary (PV) എന്ന ശീർഷകത്തിൽ നിന്നും പ്രത്യേക ധനസഹായമായി കിലയ്ക്ക് ഒരു കോടി രൂപയുടെ ഭരണാനുമതി നല്കിയിരുന്നു.

(2) പരാമർശം (2) പ്രകാരം പ്രസ്തുത തുക റിലീസ് ചെയ്തു നൽകുന്നതിന് കില ഡയറക്ടർ ജനറൽ ആവശ്യപ്പെടുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പ്രകാരമുള്ള വിപുലമായ ഒരു "സംഗമം" സംഘടിപ്പിക്കുന്നതിനായി കിലയ്ക്ക് 2515-003-99-00-36-00-Grant In Aid - Non Salary (PV) എന്ന ശീർഷകത്തിൽ നിന്നും ഒരു കോടി രൂപ, ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യതയ്ക്കനുസരിച്ചും യഥാർത്ഥ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ടി തുക പിൻവലിക്കാവൂ എന്ന നിബന്ധനയ്ക്ക് വിധേയമായും ഇത് സംബന്ധിച്ച നടപടികൾ മാതൃകാ പെരുമാറ്റച്ചട്ടം പിൻവലിച്ചതിനു ശേഷം മാത്രമേ സ്വീകരിക്കുവാൻ പാടുള്ളൂ എന്ന വ്യവസ്ഥയ്ക്കും വിധേയമായി റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**യു വി ജോസ് ഐ എ എസ്**
**സ്പെഷ്യൽ സെക്രട്ടറി**

ഡയറക്ടർ ജനറൽ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ./ ജി.&എസ്.എസ്.എ.), കേരള, തിരുവനന്തപുരം.
ധനകാര്യ (ഡെവലപ്മെന്റ് വിങ്ങ്) വകുപ്പ് (Dev-2/68/2021-Fin (1722015) dt. 15.03.2021 പ്രകാരം)

File No.LSGD-IB2/156/2020-LSGD

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Signature valid
Digitally signed by MANJULA G
Date: 2021.03.26 12:39:24 IST
Reason: Approved
സെക്ഷൻ ഓഫീസർ.